കേരള സർക്കാർ

.

# വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

2016-17

## ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.1)1836/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 09.10.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്.
സർ,

വിഷയം : വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും 3ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം),
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3. കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇ.കെ.എം(പി.1)1836/2017/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
കാക്കനാട്, എറണാകുളം.
ഫോൺ : 0484- 247771
ഇ മെയിൽ : lfadekm@gmail.com

തീയതി: 09/10/2017

## എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 15.09.2017 മുതൽ 23.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി ഉമ ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബബിത ബി. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ രാജീവ് ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ പി.കെ വേലായുധൻ | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീമതി അംബിക നന്ദനൻ | 1.4.2016 | 31.3.2017 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ കെ.പി. വിശാഖ് | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീമതി സോഫി ഐസക് | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ ടി.കെ. പോൾ | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ എ.വി. ഷാജി | 1.4.2016 | 5.9.2016 |
| | ശ്രീ അനിൽകുമാർ എൻ. | 6.9.2016 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി (22.1.2016 to 4.1.2017 ഒഴിവ്) | ശ്രീ ഷാജിമോൻ കാവു | 1.4.2016 | 26.9.2016 |
| | ശ്രീമതിഅംബിക കെ.പി. | 27.9.2016 | 21.12.2016 |
| | ശ്രീ മത്തായി പി.പി. | 5.1.2017 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ സാജു കെ.സി. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുജ അലോഷ്യസ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉമ മഹേശ്വരി എസ്. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ടി.പി. രമേശൻ | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സൗമ്യ വർഗ്ഗീസ് | 1.4.2016 | 4.8.2016 |
| | ശ്രീമതി ജില്ലുസൺ തോമസ് | 5.8.2016 | 31.3.2017 |

| | | | |
|---|---|---|---|
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (വടവുകോട്) | ശ്രീ ശ്രീകാന്ത് ശ്രീധർ | 1.4.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പുത്തൻകുരിശ്) | ശ്രീമതി മീര നമ്പൂതിരി | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (അമ്പലമേട്) | ശ്രീമതി ബിന്ദുമോൾ ടി. | 1.4.2016 | 31.3.2017 |
| വെറ്റിനറി സർജൻ | ഡോ.ആഷ പോൾ | 1.4.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ദിവ്യ ഭ്രപേഷ് | 1.4.2016 | 31.8.2016 |
| | ശ്രീ ജോമോൻ ടി.പി. | 1.9.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി റഫീന ബീവി | 1.4.2016 | 31.3.2017 |
| ഹെഡ്മാസ്റ്റർ, GLPS | ശ്രീ സി.എം.ജോസ് | 1.4.2016 | 31.3.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം 1</u> പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്. | 1-12 | |
| | <u>ഭാഗം 2</u> | | |
| 13 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-1 | |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 | |
| 15 | വാടക കൃത്യമായി ഈടാക്കുന്നില്ല | 2-3 | |
| 16 | ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-4 | |
| 17 | തിരികെ ലഭിച്ച പെൻഷൻ തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല | 2-5 | |

| | | | |
|---|---|---|---|
| 18 | ധനകാര്യപത്രികയിലെ അപാകതകൾ | 2-6 | |
| | ഭാഗം- 3 | | |
| 19 | പൂരക പോഷകാഹാര പരിപാടി-നടത്തിപ്പിലെ ന്യൂനതകൾ | 3-1 | |
| 20 | സെന്റേജ് ചാർജ് അധികമായി നൽകിയത് | 3-2 | |
| 21 | PMAY വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. | 3-3 | |
| 22 | കുരുമുളക് കൃഷി വികസനം- പദ്ധതി പൂർത്തീകരിച്ചില്ല. | 3-4 | |
| 23 | ആദായനികുതി ഈടാക്കിയില്ല | 3-5 | |
| 24 | അധികമായി നൽകിയ പെൻഷൻ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കവാൻ നടപടികൾ സ്വീകരിക്കുന്നില്ല | 3-6 | |
| 25 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 3-7 | |
| 26 | സാക്ഷരതാ മിഷനിൽ നിന്നും തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-8 | |
| 27 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-9 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.16ലെ തീരുമാനം 1(2) പ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 175404700 | 185675700 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 93407649 | 83471708 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ യഥാക്രമം 9074887 രൂപയുടെയും 21139290 രൂപയുടെയും വരവുചെലവുകൾ മേൽ കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള വരവുചെലവുകൾ നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 28.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകളിലെ ചില ന്യൂനതകൾ ഖണ്ഡിക 2-6 ൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് &പേയ്മെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15305706.27 |
| വരവ് | 93407649.00 |
| ആകെ | 108713355.27 |
| ചെലവ് | 83471708.00 |
| നീക്കിയിരിപ്പ് | 25241647.27 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 31520326 |
| വാടക | 226085 |

| | |
|---|---|
| ആകെ | 31746411 |

പഞ്ചായത്തിന് ലഭിക്കാനുള്ള വരവു തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 10282312 | 8756562 | 85.16 |
| വികസന ഫണ്ട് - എസ്.സി.പി. | 9888546 | 8573697 | 86.70 |
| വികസന ഫണ്ട് - ടി.എസ്.പി. | 327204 | 321989 | 98.41 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 7994616 | 1616492 | 20.21 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2797014 | 1550100 | 55.41 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5766519 | 5252711 | 91.08 |
| പെർഫോമൻസ് ഗ്രാന്റ് | 3019781 | 483515 | 16.01 |
| ബി. ഫണ്ട് | 21139290 | 21139290 | - |
| എം.ജി.എൻ.ആർ. ഇ. ജി.എസ്. | *9075890 (മുന്നിരിപ്പ് 1003രൂ ഉൾപ്പെടെ)* | 9073846 | (നീക്കിയിരിപ്പ് രൂ. 2044) |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 275 | 86187068 | 102 | 28861285 | 22 | 151 | 37 |

ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പ് വരുത്തേണ്ടതാണ്. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 41 | 15 | 18197656 | 6071064 | 33.36 |
| അസിസ്റ്റന്റ് സെക്രട്ടറി | 23 | 19 | 11756930 | 8021227 | 68.22 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 161 | 50 | 72805640 | 23256889 | 31.9 |
| കൃഷി ഓഫീസർ | 7 | 6 | 4092345 | 1353725 | 33.07 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 3 | 1502312 | 1032312 | 68.71 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 5890000 | 4003414 | 67.96 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 12 | 19401514 | 6885900 | 35.49 |
| വെറ്ററിനറി സർജൻ | 8 | 8 | 4275135 | 1558085 | 36.44 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 475000 | 475000 | 100 |
| ഹെഡ്മാസ്റ്റർ G UPS | 2 | 2 | 925539 | 925539 | 100 |
| ആകെ | 275 | 124 | 140472071 | 54233155 | 38.60 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം.

2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 63.83 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 16748134 | 28813725 | 12065591 | 72 |
| നികുതിയേതര വരവുകൾ | 3709590 | 4832973 | 1123383 | 30.28 |
| മറ്റുവരവുകൾ | 298960 | 360277 | 61317 | 20.5 |
| ആകെ | 20756684 | 34006975 | 13250291 | 63.83 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 63720 | 40 |
| കർഷക തൊഴിലാളി പെൻഷൻ | 2704540 | 309 |
| വിധവാപെൻ ഷൻ | 8933280 | 842 |
| വാർദ്ധക്യകാല പെൻഷൻ | 7310235 | 754 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1637515 | 187 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 340000 | 33 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | 150000 | 05 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.9.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30543/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 അഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ എഴുതി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ റൊട്ടേഷൻ പ്രകാരം ജീവനക്കാരെ നിയോഗിക്കുന്നുണ്ട്. പഞ്ചായത്തിൽ ഓഫീസ് മീറ്റിംഗുകൾ എല്ലാ മാസങ്ങളിലും കൂടാറുണ്ട് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.08.17 - 19.08.17 | ജൂലായ് 2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.8.2007മുതൽ 11.9.2007 വരെ | 1997-98 മുതൽ 2006-07 വരെ | 18.10.2007 |

## 1-12 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്.

ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 10822/-രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | തിരിച്ചടച്ച തുക | രസീത് നമ്പർ/തിയതി | വിഷയം |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 10822 | 117020102957/ 23.9.2017 | മരാമത്ത് പണി- അധിക തുക നൽകിയത് |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി.&ഒ. ലൈസൻസ് ഫീസിനത്തിൽ ലഭിക്കാനുള്ളതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡി&ഒ ലൈസൻസ് ഫീസ് | 4,68,558 (ഷെഡ്യൂൾ- I4 (b) | 73,650 (RP-43) 3,30,460 (RP-36 Advance collection) 4,04,110 | 64,448 (B-15ൽ വന്നിട്ടില്ല) |

ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഡി.&ഒ. ലൈസൻസ് ഫീസിനത്തിൽ 64,448 രൂപ ലഭിക്കാനുള്ളത് എന്ന് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. എന്നാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ മേൽ വർഷം പ്രവർത്തിച്ചിരുന്നു എന്നുള്ളത് വാർഷിക ധനകാര്യ പത്രികയിൽ നിന്ന് വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്ന് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഡി & ഒ ലൈസൻസിന്റെ എണ്ണത്തിന്റെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്തിലെ കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ എണ്ണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് നൽകിയ വിവരങ്ങൾ പ്രകാരം പഞ്ചായത്തിൽ ആകെ 1691 കൊമേഴ്സ്യൽ കെട്ടിടങ്ങളാണുള്ളത്. എന്നാൽ ഡി.&ഒ. ലൈസൻസ് എടുത്ത സ്ഥാപങ്ങളുടെ എണ്ണം 554 എണ്ണമാണ്. ആകെയുള്ള കൊമേർസ്യൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും പഞ്ചായത്ത് അധികൃതർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിലെ വ്യാപാരികൾ / വ്യവസായികൾ 2016-17 വർഷം ഡി&ഒ ലൈസൻസിന് അപേക്ഷ നൽകിയപ്പോൾ ലൈസൻസ് ആവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം അപേക്ഷയിൽ കാണിച്ചിരുന്നു. ഇപ്രകാരം അപേക്ഷയിൽ ചേർത്തിരുന്ന വിവരം ചുവടെ ചേർക്കുന്നു. ഈ ജീവനക്കാരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

| ക്രമനം | പേര് /മേൽവിലാസം | കെട്ടിട നമ്പർ | ആകെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പി.കെ. പ്രസാദ്, പാറയ്ക്കൽ വീട് , മഴുവന്നൂർ | 16/ 2A | 6 |
| 2 | എ.പി.ജോസ്, ആലഞ്ചേരിൽ വീട്, പുത്തൻകുരിശ് | 6/329 | 5 |
| 3 | ലിസ്സി ജോർജ്, കൊറ്റനത്ത് , വരിക്കോലി | 10/273 | 6 |
| 4 | ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലി. അമ്പലമുഗൾ | 16/1059-1085 | 346 |
| 5 | എം.കെ. തോമസ്, റേ എൻജി.ലി, നിരണം, തിരുവല്ല. | 4 /232A-D | 10 |
| 6 | ബഷീർ കെ.എച്ച്, കോയാപറമ്പിൽ, പെരിങ്ങാല | 2/225 | 4 |
| 7 | കെ.ഭൂപതി, ഫിലിപ്സ് കാർബൺ ബ്ലാക്ക് ലി. പുത്തൻകുരിശ് | 2/ 131A-G | 150 |
| 8 | എസ്. ഗോപകുമാർ, ഫിലിപ്സ് കാർബൺ ബ്ലാക്ക് ലി. പുത്തൻകുരിശ് | 2/130- 152 | 150 |
| 9 | ബെന്നി സെബാസ്റ്റ്യൻ, മടേയ്ക്കൽ വീട്, കിഴക്കമ്പലം | 11/240 | 4 |
| 10 | ബെന്നി പോൾ, തുടിനാൽ, പുത്തൻകുരിശ് | 13/463 | 5 |
| 11 | ജോസി സിറിയക്ക്, കൊച്ചിൻ കടലാസ് പ്രൈ.ലി, ബ്രഹ്മപുരം | 1/1-6 | 30 |
| 12 | റീജൻ കെ.ആർ, കരക്കാട്ടിൽ, പിറവം | 14/75 | 5 |
| 13 | ശശി. പി.കെ, കുപ്പക്കാട് കരോട്ട്, ബ്രഹ്മപുരം | 1/452A | 4 |
| 14 | എം.എം.അലിയാർ, മംഗലത്തുപറമ്പിൽ, പല്ലാരിമംഗലം | 2/372-374 | 7 |

| | | | |
|---|---|---|---|
| 15 | നവാസ്, കെ.വൈ, കടമ്പേത്തുമൂലയിൽ, കരിമുഗൾ | 2/538 A | 4 |
| 16 | ആൻസൺ റ്റി.എസ്, തറമറ്റത്തിൽ, പെരിങ്ങാല | 13/145 | 7 |
| 17 | സക്കീർ ഹുസൈൻ, ബിസ്മില്ലാ ബേക്കറി, മൂവാറ്റുപുഴ | 8/1035 | 5 |
| 18 | സിറാജുദ്ദീൻ കെ.എ. കുറ്റിക്കാട്ടിൽ, കരിമുഗൾ | 2/637 | 5 |
| 19 | ദിവ്യ ജയരാജ്, കൺവീനർ, ധനലക്ഷ്മി എൻ.എസ്.എസ്. റ്റി. എൽ.ജി, കാണിനാട് | 5/474A | 9 |
| 20 | പി.കെ.കൃഷ്ണൻ നായർ, പാങ്ങോട്, വടവുകോട് | 7/509-514 | 5 |
| 21 | ബെന്നി പീറ്റർ, ഫോറം ടെക്നോളജീസ്, പഴംതോട്ടം | 4/216A | 10 |
| 22 | ജയിംസ്,കെ.സി, കാക്കം വീട്ടിൽ, പുത്തൻകുരിശ് | 8/572 | 4 |
| 23 | പി,കെ. പദ്മകുമാർ, പാറേക്കാട്ടിൽ, അമ്പലമേട് | 14/744G | 5 |
| 24 | സുജിത്ത്.എം.ആർ, മണ്ടോളി പറമ്പിൽ, കോടന്നൂർ, തൃശ്ശൂർ | 2/495A | 6 |
| 25 | തോമസ് ചാക്കോ, ഗ്രൂപ്പ് മുക്കാടം, പാടിവട്ടം | 16/385-386 | 5 |
| 26 | മുഹമ്മദ് ബഷീർ.പി., പാടിയത്ത്, മലപ്പുറം | 16/297 | 5 |
| 27 | ഗീത. റ്റി.ആർ, കാവനാൽ, പുത്തൻകുരിശ് | 8/524 | 5 |
| 28 | ടെൽമ മേരി കെ.ജെ, ഡോർ നം.2, കാക്കനാട് | 10/142C | 9 |
| 29 | അബി.കെ മാത്യു, കാവനാട്, പുതുമണ്ണൂർ | 9/265A | 6 |
| 30 | കെ.എം.പൗലോസ്, കൊല്ലംകുടി, അമ്പലമേട് | 16/399 | 5 |
| 31 | റീജൻ കാരക്കാട്ടിൽ, പിറവം | 14/99B | 5 |
| 32 | സാബു,എം.കെ. മുതരപ്പറമ്പിൽ, ഉദയംപേരൂർ | 10/219A | 5 |

| | | | |
|---|---|---|---|
| 33 | ഗ്ലാഡിസൺ ചാക്കോ, കുഴിവേലിൽ, പുത്തൻകുരിശ് | 8/590 | 5 |
| 34 | എം.കെ എബ്രഹാം, എ.ബി.എം സിവിൽ വെൻചേഴ്സ്, പുത്തൻകുരിശ് | 16/- Concrete mixing | 6 |
| 35 | ജെയിംസ് വാം റ്റി.എം. , മെട്രോക്രാഫ്റ്റ്സ്, മൂവാറ്റുപുഴ | 9/248 | 4 |
| 36 | പി.കെ.അബ്ദുൾ ഖാദർ, പുന്നേക്കൽ പുരയിടം, വെള്ളക്കിണർ, ആലപ്പുഴ | - | 6 |
| 37 | ഷാലി ജയകുമാർ, ശാന്തഭവൻ, പുത്തൻകുരിശ് | 4/906 | 4 |
| 38 | വിൽസൺ.കെ.ചാക്കോ, കുഴിവേലിൽ, പുത്തൻകുരിശ് | 9/146A | 7 |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1. ഗവ.സർവ്വീസ് കോ-ഒപ്പറേറ്റീവ് സൊസൈറ്റി, പുത്തൻകുരിശ്

2. മാവേലി സ്റ്റോർ, കരിമുഗൾ

3. മാവേലി സ്റ്റോർ, പുത്തൻകുരിശ്

4. വടവുകോട് ഫാർമേഴ്സ് കോ-ഒപ്പറേറ്റീവ് ബാങ്ക്

5. പീപ്പിൾസ് അർബൻ കോ-ഒപ്പറേറ്റീവ് ബാങ്ക്

6. കെ.എസ്.ഇ.ബി.പുത്തൻകുരിശ്

7. ബി.എസ്.എൻ.എൽ. പുത്തൻകുരിശ്

## 2-3 വാടക കൃത്യമായി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വാടക കൃത്യമായി ഈടാക്കുന്നതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ചില കടമുറികളുടെ വാടകയിൽ 2016-17 വർഷം കുടിശികയുണ്ട്. കൂടാതെ കുടിശിക വരുത്തിയ വ്യക്തികൾക്ക് തന്നെ ഇതേ കടമുറികൾ 2017-18 വർഷം വീണ്ടും നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. വാടക എത്രയും പെട്ടെന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

.

| ക്രമ നം | പേര്/മേൽവിലാസം | കടമുറി നമ്പർ | പ്രതിമാസ വാടക | കുടിശിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | യു.എം.ബേബി,<br>ഉദ്യാനപറമ്പിൽ,<br>പുത്തൻകുരിശ് | 14/366<br>(കുഴിക്കാട്) | 938 | 938 |
| 2 | സി.എൻ.സുകുമാരൻ,<br>ചെങ്ങറയിൽ,<br>പുത്തൻകുരിശ് | 14/376 | 380 | 2280 |
| 3 | കൊച്ചുമോൾ.കെ,<br>ഓളങ്ങാറ്റ്,<br>പുത്തൻകുരിശ് | 2/699<br>(കരിമുഗൾ) | 1175 | 2350 |
| 4 | എം.റ്റി. ചന്ദ്രൻ,<br>മൂലേപാടത്ത്,<br>പുത്തൻകുരിശ് | 2/701 | 1373 | 8238 |
| 5 | പീറ്റർ,<br>ചെറുവേലിൽ,<br>പുത്തൻകുരിശ് | 2/702 | 2306 | 2306 |
| 6 | വിനോജ് ചോതി,<br>പുളികാവത്ത്,<br>പുത്തൻകുരിശ് | 2/705 | 1151 | 10359 |
| 7 | സെക്രട്ടറി ,<br>വികോസ് | 8/427<br>(കാണിനാട്) | 985 | 10835 |
| 8 | സെക്രട്ടറി,<br>വികോസ് | 8/428 | 1230 | 13530 |
| 9 | സെക്രട്ടറി,<br>വികോസ് | 8/429 | 778 | 8558 |
| 10 | സെക്രട്ടറി,<br>വികോസ് | 8/430 | 778 | 8558 |
| 11 | ശശി,<br>ചീരപാടത്ത്,<br>പന്നിക്കുഴി | 8/1020 | 2977 | 23816 |
| ആകെ | | | | 91768 |

2) പോൾ പി.മാണി മെമ്മോറിയൽ ഹാൾ വാടകയ്ക്ക് നൽകിയതിന് ലഭിക്കാനുള്ള തുകയായി 2016-17 വർഷം 5,17,317 രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ തുകയൊന്നും ലഭിച്ചതായി കാണുന്നില്ല. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്. ഇല്ലെങ്കിൽ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

ഈ ഹാളിന്റെ വാടക നിശ്ചയിച്ചിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| വാടക | 13100 |
| സർവ്വീസ് ടാക്സ് | 1965 |
| ലക്ഷ്വറി ടാക്സ് | 1965 |
| മറ്റ് ചാർജ്ജുകൾ | 1000 |
| ആകെ | 18030 |
| ഡെപ്പോസിറ്റ് | 5000 |

3) ലീസ്ഡ് ലാന്റിനത്തിൽ ബി.എസ്.എൻ.എൽ നിന്ന് മാസം രൂപ 4320 പ്രകാരം ആകെ

51,840 രൂപ ലഭിക്കണമായിരുന്നെങ്കിലും 47520രൂപയാണ് ലഭിച്ചത്. കുടിശിക 4320 രൂപ. ഇത് വാർഷിക ധനകാര്യപത്രികയിൽ അരിയർ ഡിമാന്റായി വന്നിട്ടില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല

ഇ - ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് മാറ്റപ്പെടുന്നത്. പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ളത്. 2015-16, 2016-17 വർഷങ്ങളിൽ ഇ - ടെണ്ടർ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വാറ്റിനത്തിൽ പിരിച്ചെടുത്ത തുക ഒടുക്കിയിട്ടുണ്ടാകുമെന്നതിനാൽ ആയതിന്റെ വിവരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫീ | പങ്കെടുത്ത കരാറുകാരുടെഎണ്ണം | ആകെ തുക |
|---|---|---|---|---|---|
| | 2015-16 | | | | |
| 1 | S0086/16, താന്നിക്കര ക്ഷേത്രം റോഡ് മെറ്റലിംഗ്, ടാറിംഗ് | 860000 | 1800 | 4 | 7200 |
| 2 | S0101/16, പീച്ചിങ്ങച്ചിറ കോളനി റോഡ് റീ ടാറിംഗ് | 550000 | 1100 | 3 | 3300 |
| 3 | S0125/16 കുറ്റ കോളനി കനാൽ ബണ്ട് റോഡ് റീ ടാറിംഗ് | 1000000 | 2000 | 4 | 8000 |
| 4 | S0311/16, ചാലക്കൽ റോഡ് ഫോർമേഷൻ, മെറ്റലിംഗ്, ടാറിംഗ് | 600000 | 1200 | 1 | 1200 |
| 5 | S0338/16, വാലോത്തു കവല രാജർഷി സ്കൂൾ കവല റോഡ് റീടാറിംഗ് | 625000 | 1250 | 2 | 2500 |
| 6 | S0 340/16, മേലേത്തു താഴെ അയ്യൻകുഴി അമ്പലം റോഡ് റീടാറിംഗ് | 1045000 | 2500 | 2 | 5000 |
| 7 | S0080/16, പുത്തൻകുരിശ് സസ്യ മാർക്കറ്റ് നവീകരണം | 1000000 | 2000 | 1 | 2000 |
| 8 | S0109/16, അംഗൻവാടികളുടെ അറ്റകുറ്റ പണി | 500000 | 1000 | 3 | 3000 |
| 9 | S0107/16, സ്കൂളുകൾക്ക് ടോയ് ലെറ്റ് | 700000 | 1400 | 3 | 4200 |
| | | | | ആകെ | 36400 |

| | | | | | |
|---|---|---|---|---|---|
| | 2016-17 | | | | |
| 1 | S071/17, ചക്കാലമൂല അംഗൻവാടി റോഡ് റീടാറിംഗ് | 800000 | 1600 | 2 | 3200 |
| 2 | S0080/17, പടത്തിക്കര കടമ്പ്ര ബ്രിഡ്ജ് റോഡ് റീടാറിംഗ് | 597000 | 1200 | 2 | 2400 |
| 3 | S0081/17, ചേനക്കാട്ടുത്താഴം പാരിഷ് ഹാൾ പോളയിൽ കരോട്ട് റോഡ് റീടാറിംഗ് | 560000 | 1200 | 1 | 1200 |
| 4 | S0082/17, കമ്യൂണിറ്റി ഹാൾ ലിങ്ക് റോഡ് റീ ടാറിംഗ് | 683000 | 1400 | 2 | 2800 |
| 5 | S0083/17, കടമ്പേത്തു മൂല ക്രോസ് റോഡ് കോൺക്രീറ്റിംഗ് | 620000 | 1300 | 4 | 5200 |
| 6 | S0102/17, ഇല്ലിച്ചുവട് കനാൽ ബണ്ട് റോഡ് | 700000 | 1400 | 2 | 2800 |
| 7 | S0116/17, ആദൂർ റോഡ് റീടാറിംഗ്, വീൽ ഡ്രെയിൻ | 1243000 | 2500 | 4 | 10000 |
| 8 | S0117/17, എടത്തല ത്താഴം റോഡ് റീടാറിംഗ് | 850000 | 1700 | 4 | 6800 |
| 9 | S0118/17, മൂലേപ്പാടം രാമല്ലൂർ അമ്പലം റോഡ് മെറ്റലിംഗ്, ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ | 563194 | 1200 | 1 | 1200 |
| 10 | S0131/17, അയിനിച്ചിറ കോട്ടപ്പടി റോഡ് റീടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ | 850000 | 1700 | 3 | 5100 |
| 11 | S0132/17, ഓൾഡ് പൊലീസ് സ്റ്റേഷൻ റോഡ് റീടാറിംഗ്, വീൽ ഡ്രെയിൻ | 636000 | 1300 | 3 | 3900 |
| 12 | S0135/ 17, കരുവേലിത്താഴം റോഡ് റീ ടാറിംഗ് | 860000 | 1800 | 2 | 3600 |
| 13 | S0140/ 17, വട്ടേക്കാട്ടുത്താഴം ഫൂട്ട് ബ്രിഡ്ജ്. | 690000 | 1400 | 3 | 4200 |
| 14 | S0142/ 17, മൂലേത്തടം തോട് ഫൂട്ട്ബ്രിഡ്ജ് | 1130000 | 2300 | 2 | 4600 |

| | | | | | |
|---|---|---|---|---|---|
| 15 | S0146/ 17, മിനി സ്റ്റേഡിയം റോഡ് റീടാറിംഗ് | 700000 | 1400 | 1 | 1400 |
| 16 | S0041/ 17, മൂലേ - വെമ്പിള്ളി റോഡ് റീടാറിംഗ് | 725000 | 1500 | 2 | 3000 |
| 17 | S0043/ 17, ആറാട്ടുമല ഡ്രെയിനേജ് ഫുട്പ്പാത്ത് കോളനി റോഡ് റീടാറിംഗ് | 850000 | 1700 | 2 | 3400 |
| 18 | S0044/ 17, കരിമുഗൾ മാർക്കറ്റ് നവീകരണം | 1500000 | 3000 | 2 | 6000 |
| 19 | S0037/ 17, അംഗൻവാടികളുടെ അറ്റകുറ്റപ്പണി | 950000 | 1900 | 2 | 3800 |
| 20 | S0040/ 17, വടയംപാത്ത്മല ചീരിച്ചികുഴി റോഡ് നിർമ്മാണം | 1100000 | 2200 | 2 | 4400 |
| 21 | S0036/ 17, കർഷക മാർക്കറ്റ് പുനരുദ്ധാരണം | 500000 | 1000 | 2 | 2000 |
| 22 | S0166/17, പഞ്ചായത്ത് ഇൻഡോർ റൂഫ് മാറ്റൽ | 850000 | 1700 | 2 | 3400 |
| 23 | S0312/ 17, വിവിധ റോഡുകളുടെ മെയിന്റനൻസ് | 1281000 | 2600 | 2 | 5200 |
| | | | | ആകെ | 89600 |
| ആകെ മൊത്തം | | | 126000/- (36400 + 89600) | | |

പഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തിരികെ ലഭിച്ച പെൻഷൻ തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല

രണ്ട് പെൻഷൻ വാങ്ങിയെന്ന കാരണത്താൽ ശ്രീമതി കമലം വേലായുധൻ, കൊമ്പനക്കുടിയിൽ വീട്, പുത്തൻകുരിശ് എന്നയാൾ ഒരു പെൻഷൻ തിരികെ തനത് ഫണ്ടിൽ ഒടുക്കിയിരുന്നു. 01.12.2016 ലെ രസീത് നമ്പർ 11602105463 പ്രകാരം 25,900 രൂപയാണ് ഒടുക്കിയിരുന്നത്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതായിരുന്നെങ്കിലും നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ലാത്തതിനാൽ ആർ.ഒ.പി. യായി ട്രഷറിയിൽ ഒടുക്കുവാൻ കഴിയുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഡി.ഡി.പി. ഓഫീസിൽ നിന്ന് നിർദ്ദേശങ്ങൾക്കായി കത്തെഴുതിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. തുക എത്രയും പെട്ടെന്ന് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

## 2-6 ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. എം.ജി.എൻ.ആർ.ഇ.ജി.എസ് രജിസ്റ്ററിലെയും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ അന്തരം കാണുന്നു. വിശദ വിവരം താഴെച്ചേർക്കുന്നു.

| ഇനം | എം.ജി.എൻ ആർ. ഇ.ജി.എസ് . രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് -വരവ് | 5,62,067 | 5,00,667 (RP-31) | 61,400 |
| എസ്റ്റാബ്ലിഷ്മെന്റ് -ചെലവ് | 5,61,026 | 4,99,626 (RP-16) | 61,400 |
| ഇ.എഫ്.എം.എസ്. മുഖേനയുള്ള ചെലവ് | 85,75,261 | 90,74,887 (I-6) | 4,99,626 |

2. ഡി.സി.ബി.യിനങ്ങളിലെ ബാലൻസും ഷെഡ്യൂൾ ബി-15 ലെ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെച്ചേർക്കുന്നു. കൂടാതെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ ഭീമമായി തുക പരിച്ചെടുക്കാനായി ബാക്കി നിൽക്കുന്നു.വസ്തു നികുതിയായി 2017 മാർച്ച് മാസം അവസാനം ലഭിച്ച തുകയ്ക്ക് സാങ്കേതിക കാരണങ്ങളാൽ രസീത് നൽകാൻ സാധിച്ചില്ലെന്നും രസീത് നൽകാത്തതു മൂലമാണ് വൻതുക അവശേഷിക്കുന്നതെന്നും വാക്കാൽ അറിയിച്ചിട്ടുണ്ട്.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ബി-15 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|
| തൊഴിൽ നികുതി (ട്രേഡേഴ്സ്) | 416295 | 216330<br>252945<br>------------<br>469275 | -52980 | 0 | -52980 |
| തൊഴിൽ നികുതി (എംപ്ലോയ്സ്) | 13315950 | 13314700 | 1250 | 0 | 1250 |
| റെന്റ് (ബിൽഡിംഗ്സ്) | 1940757 | 1373<br>1713387<br>----------<br>1714760 | 225997 | 226085 | 88 |
| റെന്റ് -ഓഡിറ്റോറിയം | 517317 | 0 | 517317 | 0 | 517317 |
| റെന്റ്-ലീസ്ഡ് ലാന്റ് | 51840 | 43200<br>4320<br>---------------<br>47520 | 4320 | 0 | 4320 |
| ഡി&ഒ ലൈസ ൻസ് ഫീസ് | 468558 | 73650<br>330460<br>----------<br>404110 | 64448 | 0 | 64448 |
| വസ്തുനികുതി (അരിയേഴ്സ്) | 11147384<br>1567002<br>------------<br>1,27,14,386 | 2746634<br>467574<br>--------------<br>3214208 | 95,00,178 | 1784480<br>25776873<br>--------------<br>27561353 | 1,80,61,175 |

| | | | | | |
|---|---|---|---|---|---|
| തൊഴിൽ നികുതി, ട്രേഡേഴ്സ്(അരിയേഴ്സ്) | 7690 | 10820 | 3130 | 0 | 3130 |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ പരിഹരിച്ചറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൂരക പോഷകാഹാര പരിപാടി-നടത്തിപ്പിലെ ന്യൂനതകൾ

| | |
|---|---|
| പ്രോജകട് നമ്പർ, പേര് | S0061/17, അംഗൻവാടി ന്യൂട്രീഷൻ പ്രോഗ്രാം |
| അടങ്കൽ | വികസന ഫണ്ട് – 6,00,000<br>തനത് ഫണ്ട് – 6,00,000<br>മറ്റുള്ളവ – 6,00,000<br>------------------------<br>ആകെ = 18,00,000 |
| ചെലവ് | ബിൽ നം.01/2016-17 / 25.11.16 - 6,00,000<br>ചെക്ക് നം 52324/24.11.16 - 99,536<br>ചെക്ക് നം.049782/18.07.16 - 69,198<br>ചെക്ക് നം1359235/ 06.03.17 - 3,79,400<br>ചെക്ക് നം. 1359246/ 27.03.17 - 2,76,873<br>-----------------------<br>ആകെ = 14,25,007 |

03.09.10 ലെ സർക്കാർ ഉത്തരവ് നം.39033/ഡി.സി.2/2010/ ത.സ്വ.ഭ.വ. പ്രകാരം പൂരക പോഷകാഹാര പരിപാടി പ്രകാരം ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിൽ ആകെ എത്ര അംഗൻവാടികളുണ്ടെന്നും എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടെന്നും അറിയിക്കേണ്ടതാണെന്നും 15.09.17 ന് കേന്ദ്ര ഫണ്ടിൽ ശേഷിക്കുന്ന തുകയുടെ വിവരവും നൽകേണ്ടതാണ് എന്നും ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 996753/- രൂപയോളം കേന്ദ്ര ഫണ്ട് അവശേഷിക്കുന്നുവെന്നും സ്വന്തമായി കെട്ടിടമില്ലാത്ത ഒരു അംഗൻവാടി മാത്രമാണുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ഈ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കാൻ അവശേഷിക്കുന്ന കേന്ദ്ര ഫണ്ട് ഉപയോഗിക്കാമെന്നുള്ള വസ്തുത ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 സെന്റേജ് ചാർജ് അധികമായി നൽകിയത്

എ. റോഡ് പൈപ്പ് ലൈൻ മാറ്റൽ

| | |
|---|---|
| പ്രോജക്ട് നം., പേര് | S0308/17, രാജർഷി വാട്ടർ ടാങ്ക് റോഡ് പൈപ്പ് ലൈൻ മാറ്റൽ |
| അടങ്കൽ | വികസന ഫണ്ട്- 100,000 |
| ചെലവ് വിവരം | ബിൽ നം.118/2016-17/22.3.17, 950,00രൂപ, കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. |

രാജർഷി ഓവർഹെഡ് ടാങ്ക് റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 9500 രൂപ 22.5 % സെന്റേജ് ചാർജ്ജ് ഉൾപ്പെടെ

അടവാക്കിയിട്ടുണ്ട്. എന്നാൽ കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.4 ഡെപ്പോസിറ്റ് പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള സെന്റേജ് ചാർജ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള 2.5% ഉൾപ്പെടെ ആകെ 12.5% മാത്രമാണ്. മാത്രമല്ല, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മേൽപ്പറഞ്ഞ 2.5% അനുവദനീയവുമല്ല. ആയതിനാൽ സെന്റേജ് ചാർജ് 10% നൽകിയാൽ മതിയാകും. സെന്റേജ് ചാർജ് അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 17) ന് ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരം സെന്റേജ് ചാർജ് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.സെന്റേജ് ചാർജ് തീർച്ചയായും നൽകാവുന്നതാണ്. എന്നാൽ നിയമപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്നത് 10% സെന്റേജ് ചാർജ് ആണ്. ആയതിനാൽ സെന്റേജ് ചാർജ്ജിനത്തിൽ താഴെ പറയും പ്രകാരം അധികം നല്കിയ 9641 രൂപാ തിരികെ ഈടാക്കുകയോ വാട്ടർ അതോറിറ്റിയുമായുള്ള ഇനിയുള്ള ഇടപാടുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് രൂ.9641/- തടസ്സപ്പെടുത്തുന്നു.

| ക്രമ നം | ഐറ്റം | നൽകിയ തുക | നൽകാവുന്ന തുക |
|---|---|---|---|
| 1 | Working charges | 68729 | 68729 |
| 2 | Cost of materials | 8400 | 8400 |
| 4 | Total | 77129 | 77129 |
| 5 | Centage Charges @22.5% | 17354 | 7713 |
| 6 | Unforseen Charges | 517 | 517 |
| 7 | Total | 950,00 | 85359 |
| | Excess paid (95000-85359) | 9641 | |

<u>ബി. അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ</u>

| | |
|---|---|
| പ്രൊജക്ട് നം. | S0297/17 |
| പേര് | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ |
| അടങ്കൽ | വികസന ഫണ്ട്- 60,000 |
| ചെലവ് വിവരം | ബിൽ നം.04/2016-17- 50,000 രൂപ, കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. |

പഞ്ചായത്തിലെ നാലാം വാർഡിലെ 76, 84 എട്ടാം വാർഡിലെ 87 പത്താം വാർഡിലെ 79

നമ്പർ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റിയ്ക്ക് 50,000 രൂപ താഴെപ്പറയുന്ന എസ്റ്റിമേറ്റ് പ്രകാരം നൽകിയിട്ടുണ്ട്.എന്നാൽ കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.4 പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരക്ക് 12.5% ആണ് (എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള 2.5% ഉൾപ്പെടെ). മാത്രമല്ല, ഇതനുസരിച്ച് അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ് ഈടാക്കാവുന്നതല്ല. ആയതിനാൽ സെന്റേജ് ചാർജ് 10% നൽകിയാൽ മതിയാകും എന്നാൽ സെന്റേജ് ചാർജ് 12.5% നൽകിയിട്ടുണ്ട്. അധികം നൽകിയ സെന്റേജ് ചാർജായ 1018 രൂപ തിരികെ ഈടാക്കുകയോ, കേരള വാട്ടർ അതോറിറ്റിയുമായുള്ള തുടർ ഇടപാടുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് രൂപ 1018/- തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കേരള വാട്ടർ അതോറ്റിയിൽ ഈ വിഷയം ഉന്നയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ഐറ്റം | നൽകിയ തുക | നൽകാവുന്ന തുക |
|---|---|---|---|
| 1 | Working charges | 36000 | 36000 |
| 2 | Connection fee up to 30M | 3150 | 3150 |
| 3 | Connection fee above 30M | 1550 | 1550 |
| 4 | Total | 40700 | 40700 |
| 5 | Centage Charges @12.5% | 5088 | 4070 |
| 6 | Unforseen Charges | 4212 | 4212 |
| 7 | Total | 50,000 | 48982 |
| 8 | Excess paid (50000-48982) | 1018 | |

അധികം നൽകിയ തുകകൾ ഈടാക്കി/ക്രമീകരിച്ച് വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

# 3-3 PMAY വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കയില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ നം., പേര് | എസ്. 0052/17, പി.എം.എ.വൈ. ഭവനനിർമ്മാണം - ഗ്രാമപഞ്ചായത്ത് വിഹിതം - പൊതുവിഭാഗം |

| | |
|---|---|
| അടങ്കൽ | 1,40,000/- (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 1,40,000/- |
| ബിൽ നം., തീയതി | 2/16-'17, 21.12.'16 |
| നല്കിയത് | സെക്രട്ടറി, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് |

ടി പ്രൊജക്റ്റിനായി ചെലവഴിച്ച തുകയിൽ 3 ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയായ 60,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് നിർവഹണഉദ്യോഗസ്ഥനായ വി ഇ ഒ ഓഡിറ്റ് എൻക്വയറിക്ക് (നം.11, 19.09.17) മറുപടിയായി ഹാജരാക്കിയത്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ചതും വിനിയോഗസാക്ഷ്യപത്രം ലഭിക്കുവാൻ ബാക്കിയുള്ളതുമായ 80,000/-രൂപ (140000 – 60000 ) തടസ്സപ്പെടുത്തുന്നു .

## 3-4 കുരുമുളക് കൃഷി വികസനം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.107/16-17, കുരുമുളക് കൃഷി വികസനം |
| അടങ്കൽ | 3,60000/- (വികസന ഫണ്ട്). 120000/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 360000/- |
| ബിൽ നമ്പർ | Pp 04/2016-2017/29.03.17 |

കുരുമുളക് കൃഷി വികസനം എന്ന പദ്ധതി പ്രകാരം നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിൽ നിന്നും 96000 വേരുപിടിപ്പിച്ച കുരുമുളകിൻ തൈ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഒരു തൈയ്ക്ക് 5/- രൂപാ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതിക്ക് 75% സബ്സിഡി അനുവദനീയമാണ്.

ജില്ലാ കൃഷിതോട്ടത്തിന്റെ ഇൻവോയ്സ് (നമ്പർ 85/2016- 2017/DAFN/07.03.17) പ്രകാരം 360000/- രൂപാ (96000 x 5 = 480000/-, സബ്സിഡി 75% = 360000/-) മേൽ ബിൽ പ്രകാരം പിൻവലിച്ച് ജില്ലാ കൃഷിത്തോട്ടത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ 6500/- രൂപയും കൈമാറിയിട്ടുണ്ട്. (രസീത് നമ്പർ 58/13445/15.09.2017, ജില്ലാ കൃഷിതോട്ടം നേര്യമംഗലം). ഈ തുക 5200 എണ്ണം കുരുമുളകിൻ തൈകളുടെ ഗുണഭോക്തൃ വിഹിതമാണ്.

ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 18) മറുപടിയിൽ പദ്ധതി പൂർത്തിയായിട്ടില്ല എന്നും, ഗുണഭോക്താക്കളുടെ ലഭ്യതക്കുറവു മൂലമാണ് പുരോഗതി കൈവരിക്കുവാൻ കഴിയാത്തതെന്നും അറിയിച്ചിട്ടുണ്ട്.

നിലവിൽ വിതരണം ചെയ്ത 5200 തൈകളുടെ വിലയായ 19500/- രൂപ കിഴിച്ച് നേര്യമംഗലം കൃഷിതോട്ടത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കിയ 340500/- തടസ്സപ്പെടുത്തുന്നു. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പഞ്ചായത്ത് നിവാസികൾക്ക് ഉതകുന്നതും

ആവശ്യമുള്ളവയുമായവ ആവിഷ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ പദ്ധതി പൂർത്തീകരിക്കാത്ത പക്ഷം ഫാമിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ആദായനികുതി ഈടാക്കിയില്ല

2016- '17 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ കേസുകൾ കൈകാര്യം ചെയ്ത അഡ്വക്കേറ്റ് ശ്രീ ബാബു ചെറുകരയ്ക്ക് വക്കീൽഫീസിനത്തിൽ 05.09.'16 ലെ വൗച്ചർ നം. 21600597 പ്രകാരം 72000/- രൂപ നല്കിയിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 194 (ജെ) പ്രകാരം പ്രൊഫഷണൽ ഫീസിനത്തിൽ ഒരു വർഷം 30000/- രൂപയിൽ കൂടുതൽ നല്കുമ്പോൾ 10% നിരക്കിൽ ആദായനികുതി ഈടാക്കണം . എന്നാൽ ശ്രീ ബാബു ചെറുകരയിൽ നിന്നും ഈയിനത്തിൽ തുക ഈടാക്കിയിട്ടില്ല. 7200/- രൂപ അഡ്വക്കേറ്റിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ് .

## 3-6 അധികമായി നൽകിയ പെൻഷൻ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല

2016-17 വർഷം സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരിൽ മരണമടഞ്ഞവരുടെ മരണം സംബന്ധിച്ച വിവരം പഞ്ചായത്ത് അറിഞ്ഞതിനു ശേഷം, മരണ തീയതി മുതൽ പെൻഷൻ വിതരണം നിർത്തിവെച്ചതു വരെയുള്ള കാലയളവിൽ ഇവരുടെ അക്കൗണ്ടിലേക്ക് അധികമായി വന്ന പെൻഷൻ തുകയുടെ വിവരവും പേര്/മേൽവിലാസം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പെൻഷണറുടെ അക്കൗണ്ടിൽ ഇങ്ങനെയുള്ള തുകകൾ അവശേഷിക്കുന്നെണ്ടെന്നും, ഇത് തിരികെ ഈടാക്കുന്നത് സംബന്ധിച്ച് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും വാക്കാൽ അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിനായി പെൻഷൻ അക്കൗണ്ടുള്ള ബാങ്കുമായും ഡി.ബി.റ്റി സെല്ലുമായും ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 മുൻകൂർ ക്രമീകരിച്ചിട്ടില്ല

സ.ഉ.(അച്ചടി) നം. 129/2016/ധന/ 01.09.16 പ്രകാരമുള്ള 2016 വർഷത്തെ ഫെസ്റ്റിവൽ അഡ്വാൻസ് പഞ്ചായത്തിലെ ജീവനക്കാർക്ക് അനുവദിച്ചതിൽ (വൗച്ചർ നം. 21600594, 05.09.'16) 6000/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല . ഇതിന് കാരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 , 19.09.'17) ഹാജരാക്കിയ മറുപടിയിൽ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ബിന്ദു ആർ.ന് അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസിൽ (15000/-രൂപ) 9000/-രൂപ മാത്രമേ തിരിച്ചുപിടിച്ചിട്ടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സ്ഥാനക്കയറ്റം കിട്ടി പോയതിനാലാണ് ഈ ഓഫീസിൽ നിന്നും തിരിച്ചുപിടിക്കുവാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പുന്നയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും തിരിച്ചുപിടിച്ച 6000/- രൂപ

ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-8 സാക്ഷരതാമിഷനിൽ നിന്നും തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ പുലിയാമ്പിള്ളിമുകൾ, പുറ്റുമാനൂർ തുടർവിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക്മാർക്ക് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

1) ശ്രീമതി ഉഷ വേണുഗോപാൽ

| കാലയളവ് | അനുവദിച്ച തുക (രൂപ) | വൗച്ചർ നം./ തീയതി |
|---|---|---|
| 03/16 മുതൽ 09/16 വരെ | 20300 | 21600689/ 04.10.'16 |
| 10/16, 11/16 | 5800 | 21601043/ 27.12.'16 |
| 12/16 | 2900 | 21601320/ 23.02.'17 |
| 01/17, 02/17 | 22160 | 21601425/ 13.03.'17 |
| ആകെ | 51160 | |

2)ശ്രീമതി ഷീല വേണുഗോപാൽ

| കാലയളവ് | അനുവദിച്ച തുക (രൂപ) | വൗച്ചർ നം./ തീയതി |
|---|---|---|
| 03/16 മുതൽ 09/16 വരെ | 20300 | 21600689 / 04.10.'16 |
| 10/16, 11/16 | 5800 | 21601043 / 27.12.'16 |
| 12/16 | 2900 | 21601319 / 23.02.'17 |
| 01/17, 02/17 | 22160 | 21601426 / 13.03.'17 |
| ആകെ | 51160 | |

രണ്ട് സാക്ഷരതാപ്രേരക് മാർക്കുമായി ആകെ അനുവദിച്ച 102320 /- രൂപ സാക്ഷരതാമിഷനിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-9 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഗവ ഹോമിയോ ഡിസ്പെൻസറി, വടവുകോട് പുത്തൻകുരിശ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് .0020/16 -17, മരുന്ന വാങ്ങൽ |
| അടങ്കൽ | 150000/- |
| ചെലവ് | 150000/- ( ബിൽ നമ്പർ 01/16-17/ 27.02.17, NEFT Transfer) |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും, 150000/-രൂപ പിൻവലിച്ച് സംസ്ഥാന ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട് (രസീത് നമ്പർ 2837/01.04.2017). മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മരുന്ന് ലഭ്യമായിട്ടില്ല എന്ന മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 214185 | 35815 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 214185 | 35815 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 700000 | ഒ.ഡി.എഫ്. | 0 | 700000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | കാലിതീറ്റ സബ്സിഡി | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 214185 | 35815 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 1525000 | | | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | അങ്കണവാടി കുടിവെള്ള കണക്ഷൻ | 4/ 2016-17/ (അക്കൌണ്ട് ട്രാൻസ്ഫർ) | 50000 | 0 | 50000 |
| വാട്ടർ അതോറിറ്റി | രാജർഷി വാട്ടർ ടാങ്ക് റോഡ് പൈപ്പ് ലൈൻ മാറ്റൽ | കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. | 95000 | 0 | 95000 |

പ്രവൃത്തികൾ പൂർത്തികരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 41582256 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| പലിശ | 2785729 |
| ആകെ | 49367985 |
| തന്നാണ്ടിൽ പിൻവലിച്ച തുക (പലിശ) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 49367985 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | രസീത് നം. | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 3388803230000699 | 5630808 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 3388803230000700 | 5630810 |
| 3 | എറണാകുളം ജില്ല സഹകരണ ബാങ്ക് | 197741 | 464420 |
| 4 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 3388803030243405 | 5396302 |
| 5 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 3388803030243406 | 5396300 |
| 6 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 3388803030243407 | 5396302 |
| 7 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 3388803030243408 | 5396302 |
| 8 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 338803230000729 | 5528370 |
| 9 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 338803230000730 | 5528371 |
| 10 | വടവുകോട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് | 33046 | 5000000 |
| ആകെ | | | 49367985 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 3(a) | 2004-05 | 3.7.1.2.2(1) | വീടുള്ളവർക്ക് വീട് നൽകിയതിലെ തടസ്സം | റവന്യൂറിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തു |
| 2000-2001 | 3(b) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തു |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93407649 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83471708 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 431159 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 9641 | ശ്രീ.എ.വി.ഷാജി, സെക്രട്ടറി |
| 3-2 | 1018 | ശ്രീമതി. ജില്ലസൺ തോമസ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-3 | 80000 | ശ്രീ.ശ്രീകാന്ത് ശ്രീധർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടവുകോട്) |
| 3-4 | 340500 | ശ്രീ സാജു കെ.സി., കൃഷി ഓഫീസർ |
| ആകെ | 431159 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 7200 | ശ്രീ എ.വി.ഷാജി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എ.വി.ഷാജി, സെക്രട്ടറി | ലഭ്യമാക്കിയില്ല | അരിശ്ശേരിൽ, ഇടപ്പള്ളി പി.ഒ., |

| | | |
|---|---|---|
| | | എറണാകുളം |
| ശ്രീ. സാജു കെ.സി., കൃഷി ഓഫീസർ | കൃഷി ഓഫീസർ, വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് | കുന്നപ്പിള്ളി, സൗത്ത് മാറാടി പി.ഒ., മൂവാറ്റുപുഴ, എറണാകുളം |
| ശ്രീ. ശ്രീകാന്ത് ശ്രീധർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടവുകോട്) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടവുകോട്) | ശ്രീ നിലയം , മറ്റക്കുഴി പി.ഒ. വരിക്കോലി |
| ശ്രീമതി. ജിലൂസൺ തോമസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് | കമ്പലാത്തുങ്കൽ, ഇടിയനാട്, രാമപുരം. |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | | റിമാർക്സ് |
|---|---|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6)274/95 | 31.07.1995 | |
| 1993-94 | എൽ.എഫ്.ഇ.(പി1)1111/96 | 26.12.1996 | |
| 1994-95 | | | |
| 1995-96 | എൽ.എഫ്.ഇ.(പി1)/98/99 | 07.07/1999 | |
| 1996-97 | | | |
| 1997-98 | എൽ.എഫ്.ഇ.(പി1)1040/98 | 02.07.1999 | |
| 1998-99 | എൽ.എഫ്.ഇ.(പി1)1352/2000 | 21.05.2001 | |
| 1999-2000 | എൽ.എഫ്.ഇ.(പി1)371/2001 | 05.11.2001 | |
| 2000-01 | എൽ.എഫ്.ഇ.(പി1)727/05 | 20.05.2006 | |
| 2001-02 | | | |
| 2002-03 | എൽ.എഫ്.ഇ.(പി1)97/07 | 16.10.2007 | |
| 2003-04 | എൽ.എഫ്.ഇ.(പി1)1014/08 | 08.07.2009 | |
| 2004-05 | എൽ.എഫ്.ഇ.(പി1)570/09 | 10.07.2009 | |
| 2005-06 | എൽ.എഫ്.ഇ.(പി1)585/10 | 29.10.2011/ 07.03.2012 | |
| 2006-07 | എൽ.എഫ്.ഇ.(പി1)588/10 | 25.10.2011 | |
| 2007-08 | എൽ.എഫ്.ഇ.(പി1)815/10 | 25.10.2008 | |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.ഇ.(പി1)1634/12 | 29.10.2012 | |
| 2011-12 | എൽ.എഫ്.ഇ.(പി1)12/2014 | 30.01.2014 | |
| 2012-13 | എൽ.എഫ്.ഇ(പി1)292 /2015 | 13.02.2015 | |
| 2013-14, 2014-15 | എൽ.എഫ്.ഇ-ഇകെ.എം (പി1)233/16 | 12.2.2016 | |
| 2015-16 | KSAEKM (പി1) 2050/2016 | 15.12.2016 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-ഇ.കെ.എം.(പി1)1836/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ 0484 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

തീയതി : 09/10/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-6 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

No.KSA-EKM(P1)1836/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanadu
Pin – 682030
Phone : 0484 2422271
E-Mail : doekm.ksad@kerala.gov.in

Date : 09/10/2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vadavucode puthencruz Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Vadavucode Puthencruz Gramapanchayat for the year 2016-17 except the observations in para 2-6 of my audit report properly presents the picture of income and expenditure.

Deputy Director